## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5840** 07.07.2014- ലെ മറുപടിക്ക്

### ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ബോർഡ്

**ചോദ്യം**

**ശ്രീ. റ്റി. എൻ. പ്രതാപൻ:**
**ശ്രീ. ബെന്നി ബെഹനാൻ:**
**ശ്രീ. പി. സി. വിഷ്ണുനാഥ്:**
**ശ്രീ. പാലോട് രവി:**

**(എ)** മിഷൻ 676 ന്റെ ഭാഗമായി ആസൂത്രണ ബോർഡ് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ബോർഡ് രൂപീകരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

**(ബി)** എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

**(സി)** പദ്ധതികളുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന്; വിശദമാക്കുമോ;

**(ഡി)** ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

**ഉത്തരം**

**ശ്രീ. കെ. സി. ജോസഫ്**
**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)**

**(എ) (ബി) & (സി)** ഇല്ല. എന്നാൽ സംസ്ഥാന ആസൂത്രണ ബോർഡ് ഒരു കരട് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ബില്ലിനു രൂപം നല്കിയത് സർക്കാരിനു ലഭിച്ചിട്ടുണ്ട്. 25 കോടി രൂപയ്ക്കുമേൽ അടങ്കലുള്ള പൊതുമേഖലയിലും പൊതു സ്വകാര്യ പങ്കാളിത്തത്തിലും നടപ്പിലാക്കുന്ന എല്ലാ പ്രോജക്ടുകളും പരിശോധിക്കുകയും അനുമതി നല്കുകയും ചെയ്യുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു ഇൻഫ്രാസ്ട്രക്ചർ ബോർഡിന് രൂപം നല്കാനും അതിന് ആനുഷംഗികമായ സംഗതികളും ബില്ലിൽ ലക്ഷ്യമിടുന്നു.

**(ഡി)** പദ്ധതിയുടെ വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.